# <u>സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം</u>

## <u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ</u>

**(ഹാജർ: ശ്രീമതി. അനുപമ T.V IAS, വനിതാ ശിശു വികസന ഡയറക്ടർ)**

വിഷയം: വനിത ശിശു വികസന വകുപ്പ് - ICPS -എറണാകുളം, ,കണ്ണൂർ എന്നീ ജില്ലകളിലെ ഗവ. ചിൽഡ്രൻസ് ഹോം, എന്നീ സ്ഥാപനങ്ങളിലേക്ക് 2020-21 സാമ്പത്തിക വർഷത്തെ ദൈനംദിന ചെലവുകൾക്ക് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം, എറണാകുളം, ,കണ്ണൂർ എന്നീ ജെ .ജെ സ്ഥാപന സൂപ്രണ്ട് മാരുടെ അപേക്ഷ

**<u>*ഉത്തരവ് നമ്പർ:* ICPS-4(A)/1137/20 *തീയതി:* 22.03.2021</u>**

കേന്ദ്ര വനിത ശിശു വികസന മന്ത്രാലയവും വനിത-ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് എറണാകുളം,കണ്ണൂർ ജില്ലകളിലെ ഗവ. ചിൽഡ്രൻസ് ഹോം സ്ഥാപനങ്ങളിലേക്ക് 2020-21 സാമ്പത്തിക വർഷത്തെ ദൈനംദിന ചെലവുകൾ വഹിക്കുന്നതിനു ആവശ്യമായ തുക അനുവദിക്കുന്നതിന് പരാമർശം പ്രകാരം അപേക്ഷിച്ചിരിക്കുന്നു .

ഈ സാഹചര്യത്തിൽ താഴെ ചേർക്കും പട്ടിക പ്രകാരം ജില്ലകളിലെ ഗവ. ചിൽഡ്രൻസ് ഹോം എന്നീ സ്ഥാപനങ്ങളിലെ 2020-21 സാമ്പത്തിക വർഷത്തെ ദൈനംദിന ചെലവുകൾ വഹിക്കുന്നതിന 35,000/- രൂപ (മുപ്പത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

| Sl.No | Organisation | Electricity & water | Maintenance | Miscelleneous | Contigency | Total |
|---|---|---|---|---|---|---|
| 1 | Gov.Childrens Home,Ernakulam | | | 31,000 | | 31,000 |
| 2 | Gov.Childrens Home(Girls),Kannur | | | 4,000 | | 4,000 |
| | **Grant Total** | | | **35,000** | | **35,000** |

ടി തുക 35,000/- രൂപ (മുപ്പത്തി അയ്യായിരം രൂപ മാത്രം) ICPS-ന്റെ ശീർഷകമായ 2235-02-102-61 (P) 34 OC-യിൽ നിന്നും അതാതു ജില്ലകളിലെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമ്മാരുടെ പേരിൽ അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതും, ജില്ലാ വനിതാ ശിശു വികസന ഓഫീസർമ്മാർ തുക അതാതു ജില്ലയിലെ സ്ഥാപന സൂപ്രണ്ടിനു അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതുമാണ്. ICPS ഗൈഡ് ലൈൻ പ്രകാരം ടി തുക ജെ.ജെ.സ്ഥാപനങ്ങളുടെ Institutional Care എന്ന Component-ൽ ഉൾപ്പെടുത്താവുന്നതാണ് തുകയുടെ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമാണ്. ടി തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് സ്ഥാപന മേധാവി താഴെപ്പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1. സൂപ്രണ്ട് തുക കൈപ്പറ്റിയ വിവരം, തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം,Component Wise Expenditure Statement എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.
2. മേൽപ്പട്ടിക പ്രകാരം അനുവദിച്ച തുക ചെലവായി തീരുന്ന മുറയ്ക്ക് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ചെലവായ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, കംബോണന്റ് വൈസ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയോടൊപ്പം ഓരോ കംബോണന്റിനും അധികം ആവശ്യമായ തുകയ്ക്കുള്ള പട്ടിക തയ്യാറാക്കി അപേക്ഷ ഈ കാര്യാലയത്തിലേക്ക് അയയ്ച്ചു തരേണ്ടതാണ്.
3. ടി തുക സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ കംബോണന്റ് തിരിച്ചു രേഖപ്പെടുത്തേണ്ടതാണ്.
4. ഓരോ കംബോണന്റിനും അനുവദിച്ചിട്ടുള്ള തുക അതാതു കംബോണന്റുകൾക്ക് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ &
മെമ്പർ സെക്രട്ടറി, SCPS

ജില്ല വനിതാശിശുവികസന ഓഫീസർ, എറണാകുളം,കണ്ണൂർ

പകർപ്പ്

1. സൂപ്രണ്ട് (A) സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
2. ICPS 4
3. സൂപ്രണ്ട് ഗവ ചിൽഡ്രൻസ് ഹോം,എറണാകുളം,കണ്ണൂർ
4. സ്റ്റോക്ക്ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM